**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2148** **13-09-2023 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനുള്ള നടപടി കൈകൊള്ളുന്നത്. ഇപ്രകാരം നിയമനം നൽകുന്നവരുടെ വിവരങ്ങൾ വകുപ്പ്/ തസ്തിക തിരിച്ച് ശേഖരിക്കാറില്ല. |
| (ബി) | ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനുള്ള നടപടി കൈകൊള്ളുന്നത്. ഇപ്രകാരം നിയമനം നൽകുന്നവരുടെ വിവരങ്ങൾ വകുപ്പ്/ തസ്തിക തിരിച്ച് ശേഖരിക്കാറില്ല. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | വിവിധ കേസുകളിൻമേൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും, ട്രിബ്യൂണലിന്റെ വിധി ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 10.04.2019-ൽ ശരിവയ്ക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആശ്രിത നിയമനത്തിന് ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി, സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ